പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2825 12.10.2011-ൽ മറുപടിയ്ക്ക്

## ഡി.ആർ.ഡി.എ. പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബി. സത്യൻ | | ശ്രീ. കെ.സി. ജോസഫ് (ബഹു: ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ഡി.ആർ.ഡി.എ. നിലവിലുണ്ടോ; | (എ) | സംസ്ഥാനത്ത് ഡി.ആർ.ഡി.എ. കൾ നിലവിലില്ല. ഡി.ആർ.ഡി.എ. കൾ മുഖേന നടത്തിയിരുന്ന പ്രവർത്തനങ്ങൾ നടത്തുന്നതിനായി ജില്ലാ പഞ്ചായത്തുകളിൽ ദാരിദ്ര്യ ലഘൂകരണ യൂണിറ്റുകൾ രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഏജൻസി ചെയ്യുന്ന നിർമ്മാണ പ്രവർത്തനങ്ങളിൽ എം.എൽ.എ. മാർക്ക് എന്തെങ്കിലും പങ്കാളിത്തമുണ്ടോ; | (ബി) | കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ഡി.ആർ.ഡി.എ യ്ക്ക് പകരമായി രൂപീകരിച്ചിട്ടുള്ള ജില്ലാതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റികളിൽ എം.എൽ.എ. മാർ അംഗങ്ങളാണ്. |
| (സി) | ഡി.ആർ.ഡി.എ. യോഗങ്ങൾ എം.എൽ.എ മാരെ അറിയിക്കാറുണ്ടോ; | (സി) | ചോദ്യം ഉദിക്കുന്നില്ല |
| (ഡി) | എം.എൽ.എ. മാർ നിർദ്ദേശിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഡി.ആർ.ഡി.എ. ഏറ്റെടുക്കാറുണ്ടോ; | (ഡി) | ഡി.ആർ.ഡി.എ. നിലവിലില്ല |

(ഇ) ഡി.ആർ.ഡി.എ. യ്ക്ക് 2011-12 സാമ്പത്തിക വർഷത്തേക്ക് ലഭിച്ചിട്ടുള്ള കേന്ദ്ര ഫണ്ട് എത്രയാണ്; വിവിധ സെക്ടറുകൾക്ക് എത്ര വീതം നീക്കിവെച്ചിട്ടുണ്ട്?

(ഇ) 2011-12 സാമ്പത്തിക വർഷം ദാരിദ്ര്യ ലഘൂകരണ യൂണിറ്റുകൾക്ക് ആകെ 13,752.92 ലക്ഷം (നൂറ്റി മുപ്പത്തിയേഴ് കോടി അൻപത്തിരണ്ട് ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരം രൂപ) രൂപ കേന്ദ്ര ഫണ്ടായി ലഭിച്ചിട്ടുണ്ട്. ലഭിച്ച തുകയുടെ പദ്ധതി തിരിച്ചുള്ള കണക്കുകൾ ചുവടെ കൊടുത്തിരിക്കുന്നു.

| പദ്ധതി | ലഭിച്ച കേന്ദ്ര വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|
| സ്വർണ്ണ ജയന്തി ഗ്രാമസ്വരോസ്ഗർ യോജന | 1943.50 |
| ഇന്ദിരാ ആവാസ് യോജന | 9080.03 |
| ഭരണ ചെലവുകൾ | 906.00 |
| സമ്പൂർണ്ണ ശുചിത്വ യജ്ഞം | 158.89 |
| സംയോജിത നീർത്തട വികസന പദ്ധതി | 1664.50 |
| ആകെ | 13,752.92 |

സെക്ഷൻ ഓഫീസർ